# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **6843** 13.07.2012-ൽ മറുപടിക്ക്

## റാന്നി താലൂക്കാശുപത്രിയിലെ ഡോക്ടർമാരുടെ നിയമനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. രാജു എബ്രഹാം** | **ശ്രീ.വി.എസ്.ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ)റാന്നി ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഇപ്പോൾ എത്ര ഡോക്ടർ തസ്തികകളാണുള്ളത്; ഈ തസ്തികകളിൽ ജോലി ചെയ്യുന്നവരുടെ പേരുവിവരം വ്യക്തമാക്കുമോ; | എ) റാന്നി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ 13 ഡോക്ടർ തസ്തികകൾ നിലവിലുണ്ട്. അതിൽ 7 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. ഇപ്പോൾ ജോലി ചെയ്യുന്ന 6 ഡോക്ടർമാരുടെ പേരു വിവരം ചുവടെ ചേർക്കുന്നു.<br>1) ഡോ.ഷാജു.പി.എച്ച് - സൂപ്രണ്ട്<br>2) ഡോ.ചന്ദ്രബാബു.ജി - ഓർത്തോ പീഡിക് സർജൻ<br>3) ഡോ.ആശ.എസ് - ഗൈനക്കോളജിസ്റ്റ്<br>4)ഡോ.അമ്പിളി.എ.കെ - പീഡിയാട്രിഷൻ<br>5)ഡോ.പ്രിയ.എ.കെ - കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ<br>6) ഡോ.സുർജിത് കുമാർ - കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ |
| (ബി)ഈ ആശുപത്രിയിൽ ജോയിൻ ചെയ്തതിനുശേഷം, വർക്കിംഗ് അറേഞ്ച് മെന്റിൽ മറ്റ് സ്ഥലങ്ങളിൽ ജോലി നോക്കുന്ന എത്ര ഡോക്ടർമാരുണ്ട്; അവരുടെ പേരും ഇപ്പോൾ ജോലി നോക്കുന്ന ആശുപത്രിയുടെ പേരും വ്യക്തമാക്കുമോ; | ബി) റാന്നി താലൂക്കാശുപത്രിയിൽ ജോയിൻ ചെയ്ത ശേഷം മറ്റു ആശുപത്രികളിൽ വർക്കിംഗ് അറേഞ്ച് മെന്റിൽ ജോലി ചെയ്യുന്ന മൂന്ന് ഡോക്ടർമാരുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.<br>1)ഡോ.നിതിൻ കരുൺ- താലൂക്കാശുപത്രി, കൊയിലാണ്ടി.<br>2)ഡോ.സുരേഷ്ബാബു - താലൂക്കാശുപത്രി, ചങ്ങനാശ്ശേരി.<br>3) ഡോ.അഫ്സ.എം.താഹ (കാഷ്വാലിറ്റി മെഡിക്കൽ ആഫീസർ) - ഫോർട്ട് ആശുപത്രി, തിരുവനന്തപുരം. |

(സി)റാന്നി താലൂക്കാശുപത്രിയിലെ ഡോക്ടർമാർ മറ്റ് സ്ഥലങ്ങളിൽ ജോലി ചെയ്യുന്നതുമൂലം ഡോക്ടർമാരുടെ അപര്യാപ്തതമൂലം ആശുപത്രിയുടെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യം നിലവിലുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ഡി)ഇതിന് പരിഹാരമായി ഇവിടെ നിയമിക്കുന്ന സ്പെഷ്യാലിറ്റി ഡോക്ടർമാരെ യടക്കം ഇവിടെത്തന്നെ നിലനിർത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള തസ്തികകളിൽ എല്ലാം നിയമിക്കപ്പെടുന്നവർ ജോലി ചെയ്യുന്നു എന്ന് ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

സി), ഡി) & ഇ) താൽക്കാലിക സംവിധാനമെന്ന നിലയിലാണ് വർക്കിംഗ് അറേഞ്ച്മെന്റ് നൽകിയിട്ടുള്ളത്. ടി ഡോക്ടർമാർക്ക് പകരം വർക്കിംഗ് അറേഞ്ച്മെന്റിൽ 2 ഡോക്ടർമാരേയും അഡ്ഹോക്ക് അടിസ്ഥാനത്തിൽ ഒരു ഡോക്ടറേയും നിയമിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ